# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2212

18.06.2013ൽ മറുപടിക്ക്.

### ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) ഗെയിൽ എന്ന സ്ഥാപനം നടപ്പാക്കുന്ന ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷ ഉറപ്പ് വരുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നൂതന സാങ്കേതിക വിദ്യയിൽ നിർമ്മിച്ചിരിക്കുന്ന ഉന്നത വിലവാരവും ചിലവേറിയതുമായ ASME B31.8 മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള സ്റ്റീൽ കൊണ്ടാണ് പൈപ്പ് നിർമ്മിച്ചിരിക്കുന്നത്.<br>2. American Petroleum Institute (API 1104) സ്റ്റാൻഡേർഡ് അനുസരിച്ചാണ് വെൽഡിംഗും, വെൽഡ് ജോയിന്റ് ടെസ്റ്റും ചെയ്യുന്നത്. വിഭാവനം ചെയ്തിട്ടുള്ള Operating Pressure നേക്കാൾ 1.4 മടങ്ങ് ഉയർന്ന മർദ്ദത്തിലാണ് പൈപ്പ്ലൈനുകൾ ഹൈഡ്രോ ടെസ്റ്റ് ചെയ്യുന്നത്. ഇതുകൂടാതെ MECON പോലെ ഈ മേഖലയിൽ വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പരിശോധനയ്ക്ക് വിധേയമായിട്ടാണ് പൈപ്പ് ലൈൻ പ്രവർത്തിക്കുന്നത്.<br>3. Petroleum Natural Gas Regulatory Board (PNGRB), Chief Controller of Explosives (CCOE) എന്നീ സ്ഥാപനങ്ങൾ പൈപ്പ്ലൈൻ വിശദമായി പരിശോധിച്ച് സുരക്ഷ ഉറപ്പ് വരുത്തിയ ശേഷം നൽകുന്ന Clearance-ന്റെ അടിസ്ഥാനത്തിൽ അവർ അനുശാസിക്കുന്ന നിർദ്ദേശത്തിലാണ് പൈപ്പ്ലൈൻ കമ്മീഷൻ ചെയ്യുന്നത്.<br>4. Supervisory Control & Data Acquisition System-ലൂടെ പൈപ്പ്ലൈനും അനുബന്ധ Valve Station-ഉം നിരീക്ഷിച്ചുകൊണ്ടിരിക്കുകയും, എന്തെങ്കിലും ന്യൂനതകൾ ശ്രദ്ധയിൽ പെട്ടാൽ ഉചിതമായ പരിഹാരങ്ങൾ ചെയ്യാൻ നടപടികൾ എടുക്കുന്നതുമായിരിക്കും. |
| ബി) ഇതു സംബന്ധിച്ച നിയമ നിർമ്മാണം ഉണ്ടായിട്ടുണ്ടോ? | ബി) നിയമനിർമ്മാണത്തിലൂടെ നിലവിൽവന്ന സ്ഥാപനങ്ങളായ Petroleum Explosives Safety |

Organization (PESO), Oil Industries Safety Directorate (OISD), Petroleum Natural Gas Regulatory Board (PNGRB) തുടങ്ങിയവയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പൈപ്പ് ലൈൻ പദ്ധതി പ്രവർത്തിക്കുന്നത്. ഇതുകൂടാതെ പ്രമുഖ പൊതുമേഖലാ കൺസൾട്ടന്റ് സ്ഥാപനങ്ങളായ Engineers India Ltd. (EIL), MECON എന്നിവരുടെ മേൽനോട്ടത്തിലാണ് ഡിസൈനും നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നത്. കൂടാതെ British Safety Council, Germanischer, Lloyd തുടങ്ങിയ ലോകോത്തരനിലവാരമുള്ള കമ്പനികളുടെ Third Party Inspection-ന് വിധേയമായിട്ടാണ് പൈപ്പ്ലൈൻ പ്രവർത്തിക്കുന്നത്.

(സി) എങ്കിൽ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണോ പദ്ധതി നടപ്പാക്കുന്നത്?

(സി) ഒരു പ്രകൃതി വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ 25-ൽപരം വർഷങ്ങളായി ഗെയിലിന്റെ പൈപ്പ്ലൈൻ യാതൊരു വീഴ്ചയോ അപകടമോ കൂടാതെ പ്രവർത്തിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ